Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214, E-mail: poc@kcbcsite.com
www.kcbcsite.com

25.1.2018

All Kerala Press Release
*Ref: 251/K-6/KPR/DS*

# സമൂഹനിർമിതിയിലും രാഷ്ട്രനിർമാണ പ്രക്രിയയിലും സഭയുടെ പ്രേഷിതർ ശ്രദ്ധ വയ്ക്കണം: ബിഷപ് ജോസഫ് കരിയിൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പിഒസിയുടെ സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന നാഷണൽ മിഷൻ എക്സ്പോ കൊച്ചി രൂപത ബിഷപ് ജോസഫ് കരിയിൽ ഉദ്ഘാടനം ചെയ്തു. ഭാരതത്തിന്റെ ആത്മാവുറങ്ങുന്ന ഗ്രാമങ്ങളിലെ സാധാരണക്കാരും ദരിദ്രരും ചൂഷിതരുമായ മനുഷ്യരോടൊപ്പം ജീവിക്കുകയും അവരുടെ ദുരിത പർവങ്ങളിൽ പങ്കുചേരുകയും ക്രിസ്തുവിന്റെ സ്നേഹവും കരുണയും അവർക്കു പകർന്നു നല്കുകയും ചെയ്യുന്നവരാണ് മിഷനറിമാർ. ഭാരതസഭയുടെ എല്ലാ പ്രവർത്തന മേഖലകളിലും കേരളത്തിൽ നിന്നുള്ള മിഷനറിമാരുടെ പങ്കാളിത്തവും നേതൃത്വവുമുണ്ട് എന്നത് അഭിമാനകരമാണ്.

സമൂഹനിർമിതിയിലും രാഷ്ട്രനിർമാണ പ്രക്രിയയിലും സാംസ്കാരങ്ങളുടെ സമന്വയത്തിലും സഭയുടെ പ്രേഷിതർക്ക് പ്രത്യേകമായ ഉത്തരവാദിത്തമുണ്ടെന്നു അദ്ദേഹം പറഞ്ഞു. മിഷൻ പ്രദേശങ്ങളെയും മിഷനറിമാരെയും അവരുടെ പ്രവർത്തനമേഖലകളെയും അടുത്തറിയുന്നതിനും അവരുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നല്കുന്നതിനും മിഷൻ എക്സ്പോ സഹായകമാകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. മിഷൻ കാഴ്ചകളൊരുക്കിയ സമർപ്പിത സമൂഹങ്ങളെയും പിഒസിയെയും അദ്ദേഹം അനുമോദിച്ചു. പിഒസി ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട് സ്വാഗതവും മിഷൻ എക്സ്പോ കൺവീനർ ഫാ. ഷാജി സ്റ്റീഫൻ നന്ദിയും പറഞ്ഞു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: പിഒസിയുടെ സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന നാഷണൽ മിഷൻ എക്സ്പോ കൊച്ചി രൂപത ബിഷപ് ജോസഫ് കരിയിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. സാജു കുത്തോടിപുത്തൻപുരയിൽ, ഫാ. ഷിബു സേവ്യർ ഒസിഡി, ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. ഷാജി സ്റ്റീഫൻ, മോൺ. ജോർജ് കുരുക്കൂർ, ഫാ. ജോൺസൺ എന്നിവർ സമീപം.